## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 889

29 .09.2016-ൽ മറുപടിയ്ക്ക്

## ' ഭൂമിയുടെ രജിസ്ട്രേഷന് ന്യായവില നിശ്ചയിച്ചത് സംബന്ധിച്ച് '

| ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) ഭൂമിയുടെ രജിസ്ട്രേഷന് ന്യായവില നിശ്ചയിച്ച് അത് പ്രസിദ്ധപ്പെടുത്തും മുൻപ് ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം ഭൂഉടമകൾക്കുള്ള നഷ്ടപരിഹാര തുക നിശ്ചയിച്ചിരുന്നത് ഏത് മാനദണ്ഡമനുസരിച്ചായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) ഭൂമിയുടെ രജിസ്ട്രേഷന് ന്യായവില നിശ്ചയിച്ച് അത് പ്രസിദ്ധപ്പെടുത്തുന്നതിന് മുമ്പ് ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഭൂവുടമകൾക്കുള്ള നഷ്ടപരിഹാര തുക 01/01/2014-ൽ നിലവിൽ വന്ന പുതിയ സ്ഥലമെടുപ്പ് നിയമമായ എൽ. എ. ആർ. ആർ. ആക്ട് 2013 പ്രകാരമാണ് നിർണ്ണയിക്കുന്നത്. |
| (ബി) ന്യായവില നിലവിൽ വരും മുൻപ് രജിസ്ട്രേഷൻ ഫീസ് ലാഭിക്കാൻ ഭൂമി കൈമാറ്റ ആധാരങ്ങളിൽ ഭൂമി വില വളരെ കുറച്ചാണ് കാണിച്ചിരുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ന്യായ വില നിശ്ചയിച്ച ശേഷം വസ്തു വിലയിൽ രണ്ടും മൂന്നും ഇരട്ടിയുടെ വർദ്ധന വന്ന കാര്യം അറിവുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) 2010-നു മുൻപ് റവന്യു വകുപ്പ് മുഖേന ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം ഉയർത്തിക്കിട്ടാനായി ഭൂഉടമകളും, കുറയ്ക്കണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട വകുപ്പുകളും ഫയൽ ചെയ്ത എത്ര കേസ്സുകൾ തീർപ്പാക്കാതെയുണ്ടെന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ? | (ഡി) ജില്ലാ കളക്ടർമാരിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തുടനീളം നഷ്ടപരിഹാരം കൂട്ടികിട്ടുന്നതിനുവേണ്ടി ഭൂവുടമകൾ ഫയൽ ചെയ്ത 30209 എൽ. എ. ആർ. കേസുകൾ നിലവിലുണ്ട്. വകുപ്പുകൾ ഫയൽ ചെയ്ത കേസുകളുടെ എണ്ണം ക്രോഡീകരിച്ച് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ